ഉറപ്പുനൽകിയതായിരുന്നു. എന്നാൽ ഈ രണ്ട് പാലത്തിലും ഇതുവരെ ടോൾ പിരിവ് നിർത്തിയിട്ടില്ല. കഴിയുന്നത്ര വേഗത്തിൽ ഈ രണ്ട് പാലത്തിലെയും ടോൾ പിരിവ് നിർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെയും പുലാമന്തോൾ പാലത്തിന്റെയും ടോൾ പിരിവ് നിർത്തലാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. 9-12-2014 -ന് ഉന്നയിച്ച സബ്മിഷന് ഈ പാലങ്ങൾക്ക് എത്ര തുക പിരിഞ്ഞുകിട്ടിയെന്ന് കണക്കാക്കിയശേഷം ടോൾ പിരിവ് നിർത്തുന്നതിനുള്ള നടപടി ആലോചിക്കാമെന്ന് മറുപടി നൽകിയിരുന്നു. ഇപ്പോൾ സർക്കാർ ഇക്കാര്യം പരിഗണിച്ചുവരികയാണ്. ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇതു സംബന്ധിച്ച യോഗം ചേരാനും ഡിപ്പാർട്ടുമെന്റ് തയ്യാറാണ്.

10. മരങ്ങൾ മുറിച്ചുമാറ്റൽ

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വളരെ അടിയന്തര പ്രാധാന്യത്തോടെ നടപടിയെടുക്കേണ്ട ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതേസമയത്ത് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയം കൂടിയാണ്. സംസ്ഥാനത്ത് വലിയ ഗതാഗതത്തിരക്കുള്ള സ്റ്റേറ്റ് നാഷണൽ ഹൈവേ മുതൽ ചെറുതും വലുതുമായ പി.ഡബ്ല്യു.ഡി. റോഡുകളിൽ വളർച്ച മുരടിച്ചതും കേടുപാടുകൾ ബാധിച്ച് ദുർബലാവസ്ഥയിൽ നിൽക്കുന്നതുമായ ധാരാളം മരങ്ങളുണ്ട്. രണ്ടാഴ്ച മുമ്പുണ്ടായ കാറ്റിലും മഴയിലുമായി നിരവധി മരങ്ങൾ വീഴുകയും നിരവധിയാളുകൾ മരിക്കുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ ഒരാൾ മരിക്കുകയും പന്ത്രണ്ടോളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ധാരാളം മരങ്ങൾ വാഹനങ്ങളുടെ മുകളിൽ വീണു. ഇത് വലിയൊരു ഭീഷണിയാണ്. ഈയിടെ കോതമംഗലത്ത് അഞ്ച് കുട്ടികൾ മരിക്കാനിടയായ സംഭവമുണ്ടായി. അതുപോലെ ഓടിക്കൊണ്ടിരുന്ന ബൈക്കിനുമുമ്പിൽ മരക്കൊമ്പ് വീണാണ് എന്റെ മണ്ഡലത്തിലെ ഷിനോജ് എന്ന യുവാവ് മരിച്ചത്. സംസ്ഥാനത്തെ പല ഭാഗങ്ങളിലും ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഇടയ്ക്കിടെയുണ്ടാകുന്നുണ്ട്. മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും അത് സംരക്ഷിക്കേണ്ടതും നമ്മുടെ നിലനിൽപ്പിന്റെ ആവശ്യം തന്നെയാണ്. എങ്കിലും അപകടഭീഷണിയുള്ള മരങ്ങൾ മുറിച്ചു മാറ്റിയേ മതിയാകൂ. റോഡരികിൽ നിൽക്കുന്ന മരങ്ങളിൽ ഭൂരിഭാഗവും മഴമരങ്ങൾ എന്നറിയപ്പെടുന്ന, വളരെ പെട്ടെന്ന് പടർന്ന് പന്തലിച്ച് വളരുന്നതും വേരുകൾ അടിയിലേയ്ക്ക് ആഴ്ന്നിറങ്ങാതെ ഉപരിതലത്തോട് ചേർന്ന് പരന്നുകിടക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽപ്പെട്ടവയാണ്. ഇവയുടെ കൊമ്പുകൾ പൊട്ടിവീഴാനും മരം കാറ്റിൽ കടപുഴകി വീഴാനും സാദ്ധ്യത വളരെ കൂടുതലാണ്. അതുകൊണ്ട് ഇത്തരം മരങ്ങൾ പരിശോധിക്കാൻ വേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. ആര്യവേപ്പ് പോലുള്ള മരങ്ങളാണ് തമിഴ്നാടിൽ വച്ചുപിടിപ്പിക്കുന്നത്. അതിന്റെ വേരുകൾക്ക് നല്ല ബലമുള്ളതിനാൽ വലിയ കാറ്റിൽപ്പോലും കടപുഴകി വീഴില്ല. എന്നാൽ ഇവിടെ അങ്ങനെയല്ല. ഒരു കാലത്ത് അക്കേഷ്യാ മരങ്ങൾ വച്ചുപിടിപ്പിച്ചിരുന്ന സ്ഥലത്ത് എത് മരമെന്ന് നോക്കാതെ പാഴ്മരങ്ങൾ വച്ചുപിടിപ്പിച്ചതുകൊണ്ടുള്ള അപകടമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഏതൊക്കെ മരങ്ങളാണ് അപകടാവസ്ഥയിലുള്ളതെന്ന് പരിശോധിക്കാനുള്ള ഒരു സംവിധാന മുണ്ടാക്കി അപകടാവസ്ഥയിലുള്ള മരങ്ങൾ കണ്ടുപിടിച്ച് അവ മുറിച്ചുമാറ്റാനുള്ള നടപടി സ്വീകരിക്കണം. ഒരു മരം മുറിച്ചുമാറ്റുമ്പോൾ അതിനുപകരം ഔഷധഗുണമുള്ളതും ഭീമാകാരമായി വളരാത്തതുമായ മരങ്ങൾ പുതിയതായി വച്ചുപിടിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാനത്തെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ തുടങ്ങിയ ചെറുതും വലുതുമായ റോഡുകളിൽ വരെ കാലപ്പഴക്കംകൊണ്ട് വീഴാറായി നിൽക്കുന്ന മരങ്ങൾ കാറ്റത്തും മഴയത്തും മറിഞ്ഞ് മരണമടക്കമുള്ള അത്യാഹിതങ്ങൾ സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലത്ത് അങ്ങനെയൊരു സംഭവമുണ്ടായ ഉടൻ തന്നെ പൊതുമരാമത്ത് വകുപ്പ് അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ ബന്ധപ്പെട്ട എ.ഇ.-മാർക്കും, എ.എക്സ്.ഇ.-മാർ ഉൾപ്പെടെ താഴെത്തട്ടിലേയ്ക്ക് നിർദ്ദേശം കൊടുക്കുകയും അങ്ങനെ അപകടാവസ്ഥയിലുള്ള നിരവധി മരങ്ങൾ മുറിച്ചുമാറ്റിക്കൊണ്ടിരിക്കുകയുമാണ്. പുതുതായി മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന അങ്ങയുടെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. നമ്മൾ വയ്ക്കുന്ന മരങ്ങളെ പാഴ്മരങ്ങൾ എന്നുപറയാൻ പാടില്ലെന്നാണ് പരിസ്ഥിതിവാദികൾ പറയുന്നതെങ്കിലും പാഴ്മരങ്ങളാണ് നമ്മൾ വച്ചുപിടിപ്പിക്കുന്നത്. തമിഴ്നാട് സർക്കാർ ചെയ്യുന്നതുപോലെ പുളിയും ആര്യവേപ്പും നടുകയാണെങ്കിൽ അതിൽ നിന്നും കുറച്ച് വരുമാനം കിട്ടുമെന്ന് മാത്രമല്ല, പ്രകൃതിദത്തമായ സംരക്ഷണവും ലഭിക്കും. സോഷ്യൽ ഫോറസ്ട്രിയാണ് അക്കാര്യത്തിലൊരു തീരുമാനമെടുക്കേണ്ടത്. റോഡരികിൽ പുളിയും ആര്യവേപ്പും വച്ചുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇവിടെയുണ്ട്, അദ്ദേഹം ഇതിനെ സംബന്ധിച്ച് ഒരു വാക്ക് പറയുന്നത് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇത് പൊതുവായി കേരള സമൂഹം ചർച്ച ചെയ്ത ഒരു വിഷയമാണ്. മരങ്ങൾ വീഴുന്നതുകൊണ്ടും മരത്തിന്റെ ഇലകളിൽനിന്നും വെള്ളം കുത്തനെ വീഴുന്നതുകൊണ്ടും രണ്ട് പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഒന്ന് ജീവഹാനിയുണ്ടാകുന്നു, മറ്റൊന്ന് റോഡ് തകർന്നുപോകുന്നു. അത് സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്നതാണ് വനം വകുപ്പിന്റെ കാഴ്ചപ്പാട്. അതുകൊണ്ട് റോഡ് ഫ്രണ്ട്‌ലിയായിട്ടുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4175-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI പ്രത്യേക പരാമർശം

വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ അക്രമം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പാഠപുസ്തകം വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് സമരം ചെയ്ത വിദ്യാർത്ഥികളെ ഇന്നലെയും പോലീസ് വ്യാപകമായി തല്ലിച്ചതച്ചു. പാഠപുസ്തകങ്ങൾ ജൂലൈ മാസം 20-നകം നൽകുമെന്ന് മന്ത്രി ഇന്നലെ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. ഇക്കാര്യം ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനകളെ ഔപചാരികമായി അറിയിക്കാൻ സർക്കാർ തയ്യാറായില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇന്നലത്തെ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. അതല്ലേ ഒരു ജനാധിപത്യ സർക്കാർ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം സമരംചെയ്ത വിദ്യാർത്ഥികളെ ശത്രുക്കളോടെന്നപോലെ പെരുമാറുന്നത്

LIBRARY ARCHIVES Kerala Legislative Assembly